**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 852** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ് ) ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സംസാര - ശ്രവണ വൈകല്യമുള്ളവരുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനും ഉന്നമനത്തിനുമായി സംസ്ഥാനത്ത് പഠന ഗവേഷണ സ്ഥാപനം നിലവിലുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ ഈ സ്ഥാപനത്തിന്റെ പുരോഗതിക്ക് വേണ്ടി 2016-2026 കാലഘട്ടത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സാമൂഹ്യനീതി വകുപ്പിന് കീഴിൽ സംസാര-ശ്രവണ വൈകല്യമുള്ളവരുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനും ഉന്നമനത്തിനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിങ് (നിഷ്) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ ആക്കുളത്ത് പ്രവർത്തിക്കുന്നുണ്ട്.

പ്രസ്തുത സ്ഥാപനത്തിന്റെ പുരോഗതിക്ക് വേണ്ടി 2016-2026 കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ായി ചേർക്കുന്നു.

**(ബി)** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) എന്ന സ്ഥാപനത്തെ ദേശീയ സ്ഥാപനമാക്കി മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) എന്ന സ്ഥാപനത്തെ ദേശീയ സ്ഥാപനമാക്കി മാറ്റേണ്ടത് കേന്ദ്രസർക്കാരാണ്. ഇത് സംബന്ധിച്ച് 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കേന്ദ്രസർക്കാർ നിഷിനെ ഭിന്നശേഷി മേഖലയിലെ ഒരു ദേശീയ സർവകലാശാലയായി ഉയർത്താൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ, തുടർന്ന് മേൽപറഞ്ഞ പ്രഖ്യാപനത്തിന്മേൽ കേന്ദ്ര സർക്കാർ 2018-ലും, 2025-ലു ബഹു. കേന്ദ്ര മന്ത്രി ബഹു. രാജ്യസഭ മുമ്പാകെ നൽകിയ മറുപടിയിൽ പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും, ആയത് ഭാരതത്തിന്റെ വടക്ക്-കിഴക്ക് ഭാഗത്തെ ഏതെങ്കിലും സംസ്ഥാനത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയക്കുകയുണ്ടായി.

തദവസരത്തിൽ തന്നെ 2014 ജനവരി മാസത്തെ സംസ്ഥാന സർക്കാറിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ നിഷിനെ ഒരു യൂണിവേഴ്സിറ്റിയായി രൂപാന്തരപ്പെടുത്തുന്ന വിഷയം ഖണ്ഡിക 43 ആയി ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. ആയതിൻപ്രകാരം ടി സ്ഥാപനത്തെ ഒരു സർവ്വകലാശാലയായി ഉയർത്തുന്ന

വിഷയത്തിന്മേൽ തുടർനടപടികളുടെ ഭാഗമായി ഒരു കരട് ബിൽ തയ്യാറാക്കുകയും പ്രസ്തുത കരട് ബിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.10.2019-ലെ സ.ഉ.(സാധാ) നം. 639/2019/ സാ.നി.വ പ്രകാരം ഒരു മൂന്നംഗ വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത കമ്മിറ്റി മുഖേന നിഷിനെ സർവ്വകലാശാലയാക്കുന്നത് ഘട്ടംഘട്ടമായി നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു .

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തെ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്രതലത്തിലുള്ള ഒരു സർവ്വകലാശാലയായി ഉയർത്തുന്നതാണെന്ന് സംസ്ഥാനത്തെ സർക്കാരിന്റെ വിഷൻ 2031 ലക്ഷ്യങ്ങളിൽ ഉൾകൊള്ളിച്ചിട്ടുമുണ്ട്. ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**(സി)** നിഷിൽ സർക്കാർ 2016- 2026 കാലഘട്ടത്തിൽ അനുവദിച്ച ധനസഹായം സംബന്ധിച്ച വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** നിഷിൽ സർക്കാർ 2016-2026 കാലഘട്ടത്തിൽ അനുവദിച്ച ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 1

## 2016-2026 കാലഘട്ടത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിങ് (നിഷ്) എന്ന സ്ഥാപനത്തിന്റെ പുരോഗതിക്ക് വേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ

1. **NISH-നെ പുനരധിവാസ ശാസ്ത്ര സർവകലാശാലയായി ഉയർത്തുന്നതിനായുള്ള നടപടികൾ**

- 2014-ലെ സംസ്ഥാന ക്യാബിനെറ്റ് തീരുമാനം അനുസരിച്ച് നിഷിനെ കേരളത്തിലെ ഭിന്നശേഷി മേഖലയിലെ സർവകലാശാലയായി ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു.

- 2015 ഫെബ്രുവരിയിൽ കേന്ദ്ര ബജറ്റ് പ്രസംഗത്തിൽ നിഷിനെ ഒരു കേന്ദ്ര സർവകലാശാലയായി (നാഷണൽ യൂണിവേഴ്സിറ്റി ഓഫ് റിഹാബിലറ്റേഷൻ ആന്റ് ഡിസെബിലിറ്റി സ്റ്റഡീസ് (NURSDS) ഉയർത്തുന്നതിനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായതിനെ തുടർന്ന് അന്നത്തെ സംസ്ഥാന സർക്കാർ അനുമതി നൽകുകയും വേണ്ട നടപടിക്രമങ്ങൾ തുടങ്ങുകയും ചെയ്തു.

- 2015 മുതൽ 2017 വരെ NISH-നെ കേന്ദ്ര/ദേശീയ സർവകലാശാലയായി ഉയർത്തുന്നതിനായി ഭൂമി അനുവദിക്കൽ, DPR സമർപ്പിക്കൽ, ആസ്തി കൈമാറ്റം, EFC അംഗീകാരം, പുതിയ ബിൽ തയ്യാറാക്കൽ, കേന്ദ്ര മന്ത്രിസഭാ കുറിപ്പ് സമർപ്പിക്കൽ തുടങ്ങിയ നിരവധി നിർണായക നടപടികൾ പൂർത്തിയാക്കുകയും ചെയ്തു.

- ഇതിന്റെ ഭാഗമായി സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയത്തിലെ കേന്ദ്രസംഘം NISH സന്ദർശിച്ച് ചർച്ചകൾ നടത്തുകയും സർവകലാശാല രൂപീകരണത്തിനായുള്ള കരട് പ്രവർത്തനപദ്ധതി (Draft Plan of Action) തയ്യാറാക്കുകയും, യോഗതീരുമാനങ്ങളും സർവകലാശാലയുടെ ആശയരേഖയും (Concept Note) അടിസ്ഥാനമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

- തുടർന്ന്, സർവ്വകലാശാല രൂപീകരണത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (DPR) MSJE-യ്ക്ക് സമർപ്പിക്കുകയും, അന്നത്തെ കേരള മുഖ്യമന്ത്രി NISH-ൻറെ ആസ്തി കൈമാറ്റത്തിനും കേന്ദ്ര സർവകലാശാലയിലേക്കുള്ള പരിവർത്തനത്തിനും സംസ്ഥാന സർക്കാരിന്റെ പൂർണ പിന്തുണ അറിയിച്ച് കേന്ദ്രത്തിന് കത്ത് അയക്കുകയും ചെയ്തു.

- ആയതിനുശേഷം, സർവ്വകലാശാലയ്ക്ക് വേണ്ട സ്ഥലത്തിനായി, തിരുവനന്തപുരം വിതുരയിൽ 50 ഏക്കർ ഭൂമി അനുവദിച്ചുകൊണ്ടുള്ള കേരള സർക്കാർ ഉത്തരവ് (GO (MS) No. 62/2015/SJD) പുറപ്പെടുവിക്കുകയും അത് കേന്ദ്ര സർക്കാരിലെ സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് മന്ത്രാലയത്തിന് (MSJE) കൈമാറുകയും, ആസ്തികളുടെ വിശദവിവരങ്ങളും ചാർട്ടേഡ് അക്കൗണ്ടന്റ് തയ്യാറാക്കിയ ആസ്തിപ്പട്ടിക എന്നിവ MSJE-യ്ക്ക് സമർപ്പിക്കുകയും ചെയ്തു.

- തുടർന്ന് മേൽപറഞ്ഞ പ്രഖ്യാപനത്തിന്മേൽ കേന്ദ്ര സർക്കാർ 2018-ൽ രാജ്യസഭയിൽ നൽകിയ മറുപടിയിൽ മേൽപറഞ്ഞ പദ്ധതി കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും, ആയത് തുല്യമില്ലാത്ത/ ഒറ്റപ്പെട്ട് നിൽക്കുന്ന ഒരു പദ്ധതിയായി ഭാരതത്തിൻ്റെ വടക്ക്-കിഴക്ക് ഭാഗത്തെ ഏതെങ്കിലും സംസ്ഥാനത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുകയുണ്ടായി.

2014 ലെ കേരള സംസ്ഥാന ബജറ്റിൽ നിഷിനെ കേരളത്തിലെ ഭിന്നശേഷി മേഖലയിലെ സർവകലാശാല ആയി ഉയർത്തുവാൻ തീരുമാനിച്ചിരുന്നു എന്ന വസ്തുതയും, ഭിന്നശേഷി പഠനം, പുനരധിവാസം, വിദ്യാഭ്യാസം, ഗവേഷണം എന്നീ മേഖലകളിലെ അക്കാദമിക മികവും ദേശീയ- അന്തർദേശീയ തലത്തിലുള്ള സേവനാനുഭവവും അടിസ്ഥാനസൗകര്യങ്ങളും കണക്കിലെടുക്കുമ്പോൾ, ഇത്തരമൊരു സർവകലാശാലയായി വികസിക്കാനുള്ള എല്ലാ സാധ്യതകളും NISH-ന് നിലവിലുള്ളതിനാൽ കേരള സർക്കാരിൻ്റെ കീഴിൽ ഒരു സർവ്വകലാശാല ആയി ഉയർത്തുന്നതിന് സർക്കാരിൻ്റെ നയപരമായ തീരുമാനത്തിൻ്റെ അടിസ്ഥാനത്തിൽ തുടര് നടപടികൾ സ്വീകരിച്ച് വരുന്നു.

2. **അടിസ്ഥാനസൗകര്യ വികസനം**

   - പുതിയ ക്ലിനിക്കൽ, അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
   - അടിയന്തര സ്ഥലാവശ്യങ്ങൾ പരിഹരിക്കുന്നതിനായി പോർട്ടബിൾ കാബിനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്.
   - നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.
   - നിലവിലുള്ള ഭൂമി നിർമാണയോഗ്യമാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ചുവരുന്നു.

3. **അക്കാദമിക വികസനം**

   പുനരധിവാസ മേഖലയിലെയും അനുബന്ധ മേഖലകളിലെയും വർധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ച് പുതിയ അക്കാദമിക പരിപാടികൾ ആരംഭിച്ചു.

- കേരളത്തിലെ ആദ്യത്തെ ബാച്ചലർ ഇൻ ഒക്യുപ്പേഷണൽ തെറാപ്പി കോഴ്സ് കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ ആരംഭിച്ചു. .
- റിഹാബിലിറ്റേഷൻ കൌൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ ശ്രവണ സംസാര വൈകല്യമുള്ളവരുടെ ഉന്നമനത്തിനായി ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാങ്ഗ്വേജ് ആന്റ് ഇന്റർപ്രേറ്റേഷൻ (Diploma in Indian Sign Language and Interpretation(DISLI), ഡിപ്ലോമ ഇൻ ടിച്ചിങ് ഇന്ത്യൻ സൈൻ ലാങ്ഗ്വേജ്(Diploma in Teaching Sign Language(DTISL) ) എന്നിവ ആരംഭിച്ചു.
- 

**പരിഗണനയിലുള്ള പ്രധാന കോഴ്സുകൾ താഴെ ചേർക്കുന്നു.**

- പി.എച്ച്.ഡി. ഇൻ ഓഡിയോളജി (PhD - Audiology)
- പി.എച്ച്.ഡി. ഇൻ സ്പീച്ച് ലാംഗ്വേജ് പാത്തോളജി (PhD-Speech Language Pathology)
- എം.ഫിൽ. ഇൻ റിഹാബിലിറ്റേഷൻ സൈക്കോളജി (M.Phil Rehabilitation Psychology)
- എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (HI) (MSc Computer Science (HI))
- മാസ്റ്റർ ഓഫ് ഒക്യുപേഷണൽ തെറാപ്പി (MOT) (Master of Occupational Therapy)

- ഓഡിയോളജി, സ്പീച്ച് ലാംഗ്വേജ് പാത്തോളജി വിഷയങ്ങളിലെ ബിരുദ-ബിരുദാനന്തരബിരുദ കോഴ്സുകളിലെ സീറ്റ് വർധന

4. **ചികിത്സാ-പുനരധിവാസ സേവനങ്ങളുടെ വികസനം**

ഗുണമേന്മയുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിനായി ചികിത്സാ-പുനരധിവാസ സേവനങ്ങളുടെ വിപുലീകരണവും ആധുനികവത്കരണവും നടപ്പിലാക്കിവരുന്നു.

**<u>നിഷിൽ നിലവിൽ നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ</u>**

- സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ് - ആശയവിനിമയ സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവരുടെ രോഗനിർണയത്തിനും പുനരധിവാസത്തിനും, തുടർന്നുള്ള മാറ്റങ്ങൾ വിലയിരുത്തുന്നതിനും ,വിദഗ്ധവും മികവുറ്റതുമായ, നൂതനസാങ്കേതിക മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഗവേഷണശാല ആരംഭിച്ചു.

- നിഷ് ഓൺലൈൻ ഇന്നവേറ്റീവ് ഡിസെബിലിറ്റി അവയർനസ്സ് സെമിനാർ നിഡാസ് (NIDAS) - നിഷ്, സാമൂഹ്യ നീതി വകുപ്പുമായി ചേർന്ന് എല്ലാമാസവും ഭിന്നശേഷിസംബന്ധമായ വിഷയങ്ങളിൽ ഓൺലൈൻ സെമിനാർ നടത്തി വരുന്നു. കൂടാതെ വിവിധ ഭിന്നശേഷികളെ കുറിച്ചുള്ള കൈപ്പുസ്തകവും, മൂന്ന് അക്കാഡമിക് പുസ്തകവും തയ്യാറാക്കി.

- സ്ട്രക്ചേർഡ് ആൻഡ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത് ഡിസെബിലിറ്റി (STEPP) - കുട്ടികളുടെ ഭിന്നശേഷി തിരിച്ചറിയുന്ന സമയത്തു മാതാപിതാക്കൾക്ക് ഉണ്ടായേക്കാവുന്ന മാനസികബുദ്ധിമുട്ടുകൾക്ക്, കൗൺസിലിംഗ് നല്കുന്നതിനു വേണ്ടിയാണ് സ്റ്റെപ്പ് നിലകൊള്ളുന്നത്. കുട്ടിയുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി മാതാപിതാക്കളെ സഹായിക്കുകയും, അതതു ഭിന്നശേഷി മേഖലയിൽ അവർക്കുള്ള വിജ്ഞാനം വർധിപ്പിക്കാനായി വെബ്ബിനാറുകളും, ശാക്തീകരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുന്നു. .കൂടാതെ മാതാപിതാക്കൾ അറിയേണ്ടതായിട്ടുള്ള വിഷയങ്ങളെക്കുറിച്ചുള്ള ലഘുലേഖകൾ നല്കാനും സ്റ്റെപ്പ് ശ്രദ്ധിക്കുന്നു.

- 24 x 7 ഹെൽപ് ലൈൻ - കാലവർഷം, കാലവർഷക്കെടുതികൾ, കോവിഡ് 19 എന്നിവയുമായി ബന്ധപ്പെട്ടു ശ്രവണ സംസാര പരിമിതർക്കുണ്ടായേക്കാവുന്ന പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും മറുപടി പറയാനും, മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കാനും നിഷ്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെൽപ്പ് ലൈൻ സജ്ജീകരിച്ചിരിക്കുന്നു.

- ഇന്നോവേഷൻ ബൈ യൂത്ത് വിത് ഡിസെബിലിറ്റീസ് (I-YWD) നിഷ് വഴി നടപ്പാക്കുന്ന

കേരള ഗവൺമെന്റ് ഇന്നോവേഷൻ ആന്റ് സ്ട്രാറ്റജിക് കൗൺസിലിന്റെ ഒരു പദ്ധതി. - സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ, തല്പരരായ ചെറുപ്പക്കാരായ ഭിന്നശേഷിക്കാരിൽ നൂതന ആശയങ്ങൾ വികസിപ്പിക്കാൻ വേദിയൊരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

-

**<u>നിഷിൽ നടപ്പാക്കുന്നതിനായി പരിഗണനയിലുള്ള പ്രധാന പ്രവർത്തനങ്ങൾ</u>**

- പ്രത്യേക ഹിയറിംഗ് എയ്ഡ് സെൽ സ്ഥാപിക്കൽ.
- ആധുനിക രോഗനിർണയ, ചികിത്സാ ഉപകരണങ്ങൾ ഉൾപ്പെടുത്തി ക്ലിനിക്കൽ ലബോറട്ടറികളുടെ നവീകരണം.
- പ്രത്യേക പുനരധിവാസ, ഇടപെടൽ സേവനങ്ങളുടെ വിപുലീകരണം.
- നിലവിൽ കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുമുള്ളവർക്കും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ളവർക്കും NISH സേവനങ്ങൾ ലഭ്യമാക്കിവരുന്നു.

5. **വിപുലീകരണ പ്രവർത്തനങ്ങൾ**

സേവനങ്ങൾ കൂടുതൽ ഫലപ്രദമായി എത്തിക്കുന്നതിനായി എല്ലാ ജില്ലകളിലും ഘട്ടംഘട്ടമായി വിപുലീകരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്

6. **മാനവവിഭവശേഷിയും ജീവനക്കാരുമായി ബന്ധപ്പെട്ട വിഷയങ്ങളും**

- നിഷിലെ ജീവനക്കാർക്ക് 10-ആം ശമ്പളപരിഷ്കരണം അനുവദിച്ചു.

24-06-2026 **വി ഇ അബ്ദുൽ ഗഫൂർ**

MINISTER

<u>അനുബന്ധം - 2</u>

**അനുബന്ധം- 2**

| വർഷം | ശീർഷകം | ഗ്രാന്റ് തുക (lakhs) | ചെലവ് (lakhs) | സാമ്പത്തിക വർഷാവസാന ത്തെ നീക്കിയിരിപ്പ് (lakhs) | റിമാർക്സ് |
|---|---|---|---|---|---|
| 2016-17 | 2235-02-101-85 (P) | 1000 | 600 | 400 | - |
| 2017-18 | 2235-02-101-85 (P) | 701 | 701 | nil | - |
| 2018-19 | 2235-02-101-85 (P) | 736 | 736 | nil | - |
| 2019-20 | 2235-02-101-85 (P) | 779.79 | 779.79 | nil | - |
| 2020-21 | 2235-02-101-85 (P) | 1286.99 | 1200.48 | 7.88 | 78.63 ലക്ഷം രൂപ വർഷാവസാനം സർക്കാർ Resume ചെയ്തിരുന്നു |
| 2021-22 | 2235-02-101-85 (P) | 1200.24 | 1065.58 | 0.03 | 134.63 ലക്ഷം രൂപ വർഷാവസാനം സർക്കാർ Resume ചെയ്തിരുന്നു |
| 2022-23 | 2235-02-101-85 (P) | 1336.37 | 918.00 | 10 | 408.37 ലക്ഷം രൂപ വർഷാവസാനം സർക്കാർ Resume ചെയ്തിരുന്നു |
| 2023-24 | 2235-02-101-85 (P) | 1210 | 1145.96 | 10 | 76.24 ലക്ഷം രൂപ (22.20 lakh Research Project & 54.04 Plan Fund) വർഷാവസാനം സർക്കാർ Resume ചെയ്തിരുന്നു |
| 2024-25 | 2235-02-101-85 (P) | 975 | 973.16 | 1.7 | 9.55 ലക്ഷം രൂപ (9.41 lakh Research Project & 0.14 Plan Balance) വർഷാവസാനം സർക്കാർ Resume ചെയ്തിരുന്നു |
| 2025-26 | 2235-02-101-85 (P) | 1160 | 1077.35 | - | 86.27 ലക്ഷം രൂപ (3.62 lakh Research Project & 82.65 Plan Balance) വർഷാവസാനം സർക്കാർ Resume ചെയ്തിരുന്നു |